File No.FWLD-D2/76/2020-FWLD

# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2409 12.03.2020-ൽ മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണം വർദ്ധിച്ചു വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണം വർദ്ധിച്ചു വരുന്നതായി കാണുന്നില്ല. |
| (ബി) | വന്യമൃഗ ആക്രമണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗളളി പ്ലഗ്ഗിംഗ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും, ചതുപ്പുകൾ വൃത്തിയാക്കിയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും, വന്യ മൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ, ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുളള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലേർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.<br><br>വന്യമൃഗങ്ങൾ മനുഷ്യ വാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് വനാതിർത്തിയിൽ 2018-19 വരെ 2413.7 കി.മീ. സൗരോർജ്ജവേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാട്ടാനയെ വനത്തിലേക്ക് മടക്കി അയക്കുവാൻ ശ്രമിക്കുന്നതിനിടെ രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനിലെ ട്രൈബൽ വാച്ചർ എ.എസ്.ബിജു കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ടോ; | (സി)<br>യും<br>(ഡി)<br>യും | ഉണ്ട്.<br>റാന്നി റെയിഞ്ചിന് കീഴിലുള്ള കരികുളം സ്റ്റേഷൻ പരിധിയിൽപ്പെട്ട രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനിൽ കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ കുത്തേറ്റ് 26/02/2020-ന് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ.എസ്.ബിജുവിന്റെ കുടുംബത്തിന് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-<br>മരണ ദിവസം മരണാനന്തര ചെലവുകൾക്കും മറ്റുമായി റാന്നി എഫ്.ഡി.എ.യിൽ നിന്നും 25,000/- രൂപ നൽകിയിട്ടുണ്ട്. അതുകൂടാതെ റാന്നി എഫ്.ഡി.എ.യിൽ നിന്നും ഒരു ലക്ഷം രൂപയും<br>സതേൺ സർക്കിളിന് കീഴിലുള്ള മറ്റ് എഫ്.ഡി.എ. കളിൽ നിന്നായി ഒന്നര ലക്ഷം രൂപയും പെരിയാർ ടൈഗർ ഫൗണ്ടേഷനിൽ നിന്നും രണ്ടര ലക്ഷം രൂപയും ടിയാന്റെ കുടുംബത്തിന് കൈമാറിയിട്ടുണ്ട്.<br>വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന വരുടെ ആശ്രിതർക്ക് നിലവിലുള്ള നിയമ പ്രകാരം അനുവദിക്കാവുന്ന 1 0 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ വില്ലേജ് ഓഫീസറിൽനിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട്. ബാക്കി 5 ലക്ഷം രൂപ തഹസീൽദാറിൽ നിന്നുള്ള അനന്തരവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാൽ ഉടൻ അനുവദിക്കുന്നതാണ്.<br>സതേൺ സർക്കിളിന് പുറത്തുള്ള മറ്റ് എഫ്.ഡി.എ. കളിൽ നിന്നും കഴിയാവുന്ന ധനസഹായം അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ജി.പി.എ.ഐ.എസ് പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിലെ അംഗത്തിന് ആശ്രിത നിയമനപ്രകാരം ജോലി നൽകുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വനപാലകന്റെ ആശ്രിതർക്ക് എന്തൊക്കെ സഹായമാണ് വകുപ്പ് ഇതിനകം നൽകിയതെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ